ഉത്തരം

(എ) ഉണ്ട്.

(ബി) ചാവക്കാട് പാവറട്ടി - കാഞ്ഞാണി - പെരിങ്ങോട്ടുകര റോഡ് സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രാദേശിക സന്തുലനം ഉറപ്പാക്കിക്കൊണ്ട് തയ്യാറാക്കിയ പട്ടികയിൽ ഈ റോഡ് ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്കയയ്ക്കാൻ സാധിച്ചില്ല.

പായിപ്ര - നെല്ലിക്കുഴി, പുതുപ്പാടി-ഇരുമലപ്പടി റോഡുകളുടെ പുനരുദ്ധാരണം

216 (4570) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം, മൂവാറ്റുപുഴ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പായിപ്ര-നെല്ലിക്കുഴി, പുതുപ്പാടി-ഇരുമലപ്പടി റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം, മൂവാറ്റുപുഴ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പായിപ്ര - നെല്ലിക്കുഴി റോഡിന്റെ (കി.മീ. 0/000 മുതൽ 9/600 വരെയുള്ള) പുനരുദ്ധാരണത്തിന് നബാർഡിന്റെ RIDF XV-ൽ ഉൾപ്പെടുത്തി 410 ലക്ഷം രൂപയും പുതുപ്പാടി - ഇരുമലപ്പടി റോഡിന്റെ (0/00 മുതൽ 10/400 വരെ) പുനരുദ്ധാരണത്തിന് 14-7-09-ലെ G.O.(Rt) No. 1045/09/PWD പ്രകാരം 555 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ടി റോഡുകളുടെ നിർമ്മാണം ആരംഭിച്ചു. പുതുപ്പാടി -ഇരുമലപ്പടി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. പായിപ്ര - നെല്ലിക്കുഴി റോഡിന്റെ സൈഡ് ഇടിഞ്ഞത് സംരക്ഷണ ഭിത്തി കെട്ടി റോഡ് നിർമ്മാണം പുരോഗമിക്കുന്നു.

(സി & ഡി) ഇപ്പോൾ തടസ്സങ്ങൾ ഒന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly